**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. നിലവിലുണ്ടായിരുന്ന 66 കെ.വി സബ്സ്റ്റേഷൻ 220 കെ.വി യാക്കി ഉയർത്തി. ഇവിടെ 100 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി അനുബന്ധ ലൈനുകളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഈ കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഉൾപ്പെടെ ആകെ 7958 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ബഹു: എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭൂതത്താൻകെട്ട് മുതൽ വടാട്ടുപ്പാറാ മീരാൻ സിറ്റി വരെ 5.4 കി.മി. ലൈൻ വലിച്ച്, 3 ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകളും, 128 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന 25 ലക്ഷം രൂപയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. നിലവിലുണ്ടായിരുന്ന 66 കെ.വി സബ്സ്റ്റേഷൻ 220 കെ.വി യാക്കി ഉയർത്തി. ഇവിടെ 100 MVA ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി അനുബന്ധ ലൈനുകളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഈ കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഉൾപ്പെടെ ആകെ 7958 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ബഹു: എം.എൽ.എ–യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭൂതത്താൻകെട്ട് മുതൽ വടാട്ടുപ്പാറാ മീരാൻ സിറ്റി വരെ 5.4 കി.മി. ലൈൻ വലിച്ച്, 3 ആട്ടോമാറ്റിക് സ്ലീറ്റ് ലൈറ്റ് കൺട്രോളറുകളും, 128 എൽ.ഇ.ഡി സ്ലീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന 25 ലക്ഷം രൂപയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'-ൽ ഉൾപ്പെടുത്തി 1.03 കി.മീ 11 കെ.വി ലൈൻ വലിക്കുന്ന പ്രവൃത്തിയും, 0.235 കി.മീ UG കേബിൾ ലൈൻ വലിക്കുന്ന പ്രവൃത്തിയും, 1.2 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും, 2.33 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും, 2 100 kVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ 87.07 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | മേൽ പ്രവൃത്തിക്കു പുറമേ ഇടമലയാർ ഭൂതത്താൻകെട്ട് 66 കെ.വി ലൈൻ 110 കെ.വി ലൈൻ ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വിതരണ വിഭാഗത്തിൽ 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം 1951.19 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന, 1.45 കി.മീ 11 കെ.വി ഏരിയൽ ബഞ്ച്ഡ് കൺടക്ടർ (ABC)ലൈൻ വലിക്കുന്ന പ്രവൃത്തിയും, 26 കി.മീ UG കേബിൾ ലൈൻ വലിക്കുന്ന പ്രവൃത്തിയും, 0.193 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും, 20.29 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും, 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

| പദ്ധതി | പ്രവൃത്തികൾ | നിലവിലെ സ്ഥിതി |
|---|---|---|
| സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 254.2 ലക്ഷം രൂപ ചെലവാക്കി 654 വൈദ്യുതി കണഷൻ നൽകുന്ന പ്രവൃത്തി | പൂർത്തീകരിച്ചിട്ടുണ്ട് |
| IPDS പദ്ധതി | 6 കി.മീ 11 കെ.വി ഏരിയൽ ബഞ്ച്ഡ് കൺടക്ടർ (ABC) ലൈൻ വലിക്കുകയും, 7.12 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 1.5 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും, 4.65 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 22 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി കൾ ഉൾപ്പെടെ 245.24 ലക്ഷം രൂപ ചെലവഴിച്ചു | പൂർത്തീകരിച്ചിട്ടുണ്ട് |
| KSEBLന്റെ തനതു ഫണ്ട് ഉപ യോഗിച്ച് നടത്തുന്ന ദ്യുതിപദ്ധതി | 25.45 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 1.185 കി.മീ UG കേബിൾ ലൈൻ വലിക്കുകയും, 4.108 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും, 3.48 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടെ 547.20 ലക്ഷം രൂപ ചെലവഴിച്ചു | പൂർത്തീകരിച്ചിട്ടുണ്ട് |

| പദ്ധതി | പ്രവൃത്തികൾ | നിലവിലെ സ്ഥിതി |
|---|---|---|
| സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 254.2 ലക്ഷം രൂപ ചെലവാക്കി 654 വൈദ്യുതി കണക്ഷൻ നൽകുന്ന പ്രവൃത്തി | പൂർത്തീകരിച്ചിട്ടുണ്ട് |
| IPDS പദ്ധതി | 6 കി.മീ 11 കെ.വി ഏരിയൽ ബഞ്ച്ഡ് കൺടക്ടർ (ABC) ലൈൻ വലിക്കുകയും, 7.12 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 1.5 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും, 4.65 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 22 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി കൾ ഉൾപ്പെടെ 245.24 ലക്ഷം രൂപ ചെലവഴിച്ചു | പൂർത്തീകരിച്ചിട്ടുണ്ട് |
| KSEBLന്റെ തനതു ഫണ്ട് ഉപ യോഗിച്ച് നടത്തുന്ന ദ്യുതിപദ്ധതി | 25.45 കി.മീ 11 കെ.വി ലൈൻ വലിക്കുകയും, 1.185 കി.മീ UG കേബിൾ ലൈൻ വലിക്കുകയും, 4.108 കി.മീ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും, 3.48 കി.മീ ത്രീ ഫേസ് ലൈൻ വലിക്കുകയും, 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടെ 547.20 ലക്ഷം രൂപ ചെലവഴിച്ചു | പൂർത്തീകരിച്ചിട്ടുണ്ട് |